പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 282

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 282

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

978/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 282

# 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ബിൽ

1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (1986-ലെ 31) 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റും (2011-ലെ 5), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും (2013-ലെ 24) 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റും (2015-ലെ 17) 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റും (2021-ലെ 1) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (4-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 1986-ലെ 31-ാം ആക്റ്റിനുള്ള ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31), 18-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"18 എ. സിൻഡിക്കേറ്റിന്റെ യോഗം.—സിൻഡിക്കേറ്റ് ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

3. 2011-ലെ 5-ാം ആക്റ്റിനുള്ള ഭേദഗതി.—2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിൽ (2011-ലെ 5), 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "മൂന്നിൽ ഒന്നിൽ കൂടുതൽ" എന്നീ വാക്കുകൾക്ക് പകരം "മൂന്നിൽ ഒന്ന്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.".

4. 2013-ലെ 24-ാം ആക്റ്റിനുള്ള ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 14-ാം വകുപ്പ് (6)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) നിർവ്വാഹകസമിതി ഏറ്റവും കുറഞ്ഞത് രണ്ടു മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്:

എന്നാൽ, നിർവ്വാഹകസമിതിയിലെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ നിർവ്വാഹക സമിതിയുടെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

5. 2015-ലെ 17-ാം ആക്റ്റിനുള്ള ഭേദഗതി.—2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (2015-ലെ 17), 28-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

6. 2021-ലെ 1-ാം ആക്റ്റിനുള്ള ഭേദഗതി.—2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ (2021-ലെ 1), 27-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയ്ക്ക് ശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നുമാത്രമല്ല, സിൻഡിക്കേറ്റിന്റെ ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം ഏഴു ദിവസത്തിനുള്ളിൽ സിൻഡിക്കേറ്റിന്റെ ഒരു യോഗം വൈസ്-ചാൻസലർ വിളിച്ച് ചേർക്കേണ്ടതാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്തെ സർവ്വകലാശാലകൾ സംബന്ധിച്ചുള്ള ആക്ടുകളിൽ അതതുസംഗതി പോലെ, ആകെയുള്ള അംഗങ്ങളിൽ മൂന്നിലൊന്ന് അംഗങ്ങൾ രേഖാമൂലം അഭ്യർത്ഥിക്കുന്ന പക്ഷം സിൻഡിക്കേറ്റ്/ഗവേണിംഗ് കൗൺസിൽ/നിർവ്വാഹകസമിതി എന്നിവയുടെ യോഗം വിളിച്ചുചേർക്കുന്നതിന് വൈസ്-ചാൻസലറെ അധികാരപ്പെടുത്തികൊണ്ടുള്ള ഒരു പുതിയ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്ട് (1986-ലെ 31), 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ട് (2011-ലെ 5), 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട് (2013-ലെ 24), 2015-ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ട് (2015-ലെ 17), 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് (2021-ലെ 1) എന്നീ ആക്ടുകളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചു.

2. മേല്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

ഡോ. ആർ. ബിന്ദു.

# 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
## (1986-ലെ 31)

** ** ** **

18. <u>സിൻഡിക്കേറ്റിന്റെ അധികാരങ്ങൾ</u>.—ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി, സർവ്വകലാശാലയുടെ സ്ഥാപനങ്ങളുടെമേലുള്ള പൊതുവായ മേൽനോട്ടവും നിയന്ത്രണവും ഉൾപ്പെടെ സർവ്വകലാശാലയുടെ ഭരണനിർവ്വഹണാധികാരം സിൻഡിക്കേറ്റിൽ നിക്ഷിപ്തമായിരിക്കുന്നതും, അതേ പ്രകാരത്തിൽ സിൻഡിക്കേറ്റിന് താഴെപറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതുമാണ്, അതായത്:—

(i) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നിറവേറ്റത്തക്ക വിധത്തിൽ അതിന്റെ ഭരണം നടത്തുക;

(ii) ഓർഡിനൻസുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി ഒരു സ്ഥാപനത്തെ ഒരു അംഗീകൃത സ്ഥാപനമായി സർവ്വകലാശാലയോട് സംയോജിപ്പിക്കുക;

(iii) ചാൻസലറുടെ പരിഗണനയ്ക്ക് വേണ്ടി സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക;

(iv) ഓർഡിനൻസുകളും ചട്ടങ്ങളും ഉണ്ടാക്കുകയും, ഭേദഗതി ചെയ്യുകയും, അല്ലെങ്കിൽ റദ്ദാക്കുകയും ചെയ്യുക;

(v) യുക്തമെന്നു തോന്നുന്ന പ്രകാരത്തിൽ സ്റ്റോക്കുകൾ, ഫണ്ടുകൾ, ഓഹരികൾ, അല്ലെങ്കിൽ സെക്യൂരിറ്റികൾ എന്നിവയിൽ പണം നിക്ഷേപിക്കുന്നതുൾപ്പെടെ സർവ്വകലാശാലയുടെ സ്വത്തുക്കളും, ഫണ്ടുകളും കൈവശം വയ്ക്കുകയും, നിയന്ത്രിക്കുകയും, കൈകാര്യം ചെയ്യുകയും ചെയ്യുക ;

(vi) സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി കെട്ടിടങ്ങൾ, സ്ഥലം, ഫർണീച്ചർ, ഉപകരണങ്ങൾ, മറ്റ് അവശ്യസാധനങ്ങൾ എന്നിവ ലഭ്യമാക്കുകയും ആ ആവശ്യത്തിലേക്കായി സർവ്വകലാശാലയുടെ പേരിൽ കരാറുകളിൽ ഏർപ്പെടുകയോ മാറ്റം വരുത്തുകയോ നടപ്പാക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(vii) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപം, അത് സൂക്ഷിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടവിധം എന്നിവ സംബന്ധിച്ച് നിർദ്ദേശം നൽകുക;

(viii) ഹോസ്റ്റലുകളും മറ്റ് സ്ഥാപനങ്ങളും പരിശോധിക്കുന്നതിന് ഏർപ്പാട് ചെയ്യുകയും ആയതിലേക്ക് ഒരു പരിശോധനാ ബോർഡ് രൂപീകരിക്കുന്നതിന് നിർദ്ദേശിക്കുകയും ചെയ്യുക;

(ix) ഡിപ്പാർട്ടുമെന്റുകളും, ഗവേഷണ സ്ഥാപനങ്ങളും, അതതുസമയം ആവശ്യമെന്നു കരുതുന്ന മറ്റ് ഉന്നത പഠനകേന്ദ്രങ്ങളും സ്ഥാപിക്കുകയും, സംരക്ഷിക്കുകയും, നടത്തിപ്പോരുകയും ചെയ്യുക;

(x) അദ്ധ്യാപകരേയും, അസിസ്റ്റന്റ് രജിസ്ട്രാറുടെ പദവിയിലും അതിനു മുകളിലുള്ള പദവിയിലുമുള്ള മറ്റ് സർവ്വകലാശാലാ ജീവനക്കാരെയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(xi) അദ്ധ്യാപകരുടെ തസ്തികകൾ, സാങ്കേതിക തസ്തികകൾ, ഭരണപരമായ തസ്തികകൾ, മിനിസ്റ്റീരിയൽ തസ്തികകൾ, മറ്റുവിധത്തിൽ ആവശ്യമുള്ള തസ്തികകൾ മുതലായവ സൃഷ്ടിക്കുക;

(xii) അദ്ധ്യാപകരേയും, അസിസ്റ്റന്റ് രജിസ്ട്രാറുടെ പദവിയിലും അതിനു മുകളിലുള്ള സർവ്വകലാശാലയിലെ മറ്റ് ജീവനക്കാരെയും സസ്പെന്റ് ചെയ്യുകയോ, പിരിച്ചു വിടുകയോ ഡിസ്മിസ് ചെയ്യുകയോ അല്ലെങ്കിൽ അവർക്കെതിരായി മറ്റുവിധത്തിൽ അച്ചടക്കനടപടി എടുക്കുകയോ ചെയ്യുക;

(xiii) ഏതെങ്കിലും കാരണങ്ങളാൽ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥൻ മാർക്കോ അദ്ധ്യാപകർക്കോ, വിദ്യാർത്ഥികൾക്കോ, മറ്റു ജീവനക്കാർക്കോ എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ അവ പരിഗണിക്കുകയും ന്യായവിചാരണ നടത്തുകയും ഉചിതമായ വിധത്തിൽ പരിഹരിക്കുകയും ചെയ്യുക;

(xiv) വിദ്യാർത്ഥികൾ നൽകേണ്ട ഫീസ് നിശ്ചയിക്കുകയും ക്രമീകരിക്കുകയും ചെയ്യുക;

(xv) ഓണററി ആയോ അല്ലാതെയോ ഉള്ള അക്കാഡമിക് ഫെല്ലോഷിപ്പുകൾ സൃഷ്ടിക്കുക;

(xvi) ഫൈനാൻസ് കമ്മിറ്റിയുടെ മുൻകൂട്ടിയുള്ള അനുമതിയോടെ റിസർച്ച് ഫെല്ലോഷിപ്പുകളും, സ്കോളർഷിപ്പുകളും, സ്റ്റുഡന്റ്സ്ഷിപ്പുകളും, ബർസറികളും, മെഡലുകളും, സമ്മാനങ്ങളും ഏർപ്പെടുത്തുക;

(xvii) വിദ്യാർത്ഥികളുടെ താമസസൗകര്യത്തെയും അച്ചടക്കത്തെയും സംബന്ധിച്ച് മേൽനോട്ടം വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക;

(xviii) ഈ കാര്യത്തിലേക്കുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥക ളനുസരിച്ച് സർവ്വകലാശാലയിലെ ധനകാര്യ എസ്റ്റിമേറ്റുകൾ, ആഡിറ്റ് റിപ്പോർട്ട്

സഹിതമുള്ള വാർഷിക അക്കൗണ്ടുകൾ, വാർഷിക റിപ്പോർട്ടുകൾ എന്നിവ പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്യുക;

(xix) പരീക്ഷകൾ നടത്തുകയും അവയുടെ ഫലങ്ങൾ അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(xx) ഫാക്കൽറ്റികളിലേക്കും പഠനബോർഡുകളിലേക്കുമുള്ള അംഗങ്ങളെ നിയമിക്കുക;

(xxi) പരീക്ഷകൻമാരുടെ പാനൽ അംഗീകരിക്കുകയും അവർക്ക് പ്രതിഫലം നിശ്ചയിക്കുകയും ചെയ്യുക;

(xxii) വൈസ്-ചാൻസലർക്ക് അതിന്റെ ഏതെങ്കിലും അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുക;

(xxiii) അംഗീകാരത്തിനാസ്പദമായ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുന്നതിനും അംഗീകാരം തുടർന്ന് നൽകേണ്ടതാണോ എന്നു തീരുമാനിക്കുന്നതിനുമായി അംഗീകൃത സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് ഏർപ്പാടു ചെയ്യുക;

(xxiv) ഏതെങ്കിലും പരീക്ഷയിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം തടഞ്ഞുവെയ്ക്കുകയോ അല്ലെങ്കിൽ റദ്ദാക്കുകയോ ചെയ്യുക;

(xxv) ഗ്രാന്റുകൾ, ദാനസ്വത്തുക്കൾ, ഒസ്യത്തുകൾ, സംഭാവനകൾ എന്നിവയും സർവ്വകലാശാലയ്ക്ക് കൈമാറ്റം ചെയ്ത സ്ഥാവരജംഗമവസ്തുക്കളും സർവ്വകലാശാലയ്ക്കുവേണ്ടി സ്വീകരിക്കുക;

(xxvi) സർവ്വകലാശാലയുടെ പരീക്ഷകൾ അംഗീകരിക്കുന്നതിനായി മറ്റ് സർവ്വകലാശാലകളുമായി കൂടിയാലോചന നടത്തുക;

(xxvii) വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് ഗവേഷണ സൗകര്യങ്ങളും സേവനപരിശീലനവും ഏർപ്പെടുത്തുക;

(xxviii) ഈ ആക്റ്റും, അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

** ** ** **

# 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (2011-ലെ 5)

** ** ** **

15. സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ അതിലെ എല്ലാ അംഗങ്ങൾക്കും യഥാവിധി നോട്ടീസ് നൽകിയതിന് ശേഷം കുറഞ്ഞത് മാസത്തിലൊരിക്കൽ, വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതിയിൽ, യോഗം ചേരേണ്ടതാണ്. ഇപ്രകാരം ഗവേണിംഗ് കൗൺസിൽ യോഗം ചേരാത്തപക്ഷം ആയതിനുള്ള തൃപ്തികരമായ വിശദീകരണം തുടർന്ന് വരുന്ന യോഗത്തിൽ വൈസ്-ചാൻസലർ നൽകേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ ഗവേണിംഗ് കൗൺസിലിലെ മൂന്നിൽ ഒന്നിൽ കൂടുതൽ അംഗങ്ങൾ ഒപ്പുവച്ച ലിഖിതമായ അഭ്യർത്ഥനയിന്മേൽ വൈസ്-ചാൻസലർ പ്രസ്തുത അഭ്യർത്ഥന ലഭിച്ച തീയതി മുതൽ ഏഴ് ദിവസങ്ങൾക്കകം യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

(2) കൗൺസിലിന്റെ ആകെയുള്ള അംഗസംഖ്യയുടെ പകുതിയിൽ കൂടുതൽ ആയിരിക്കും കൗൺസിൽ യോഗത്തിനുള്ള ക്വാറം.

എന്നാൽ, അപ്രകാരമുള്ള ക്വാറം സർവ്വകലാശാലയുടെ ബിരുദദാന സമ്മേളനത്തിനോ, ഡിഗ്രികളോ പദവികളോ, മറ്റു ബഹുമതികളോ നൽകുന്നതിനുള്ള സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ യോഗത്തിനോ ആവശ്യമില്ലാത്തതാണ്.

(3) വൈസ്-ചാൻസലർ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടുമ്പോൾ അർത്ഥനയിൽ കാണിച്ചിട്ടുള്ളതല്ലാതെ യാതൊരു വിഷയവും ആ യോഗത്തിൽ പരിഗണിക്കുന്നതല്ല.

** ** ** **

## 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2013-ലെ 24)

** ** ** **

14. <u>നിർവ്വാഹകസമിതിയുടെ കാലാവധി.</u>—(1) നിർവ്വാഹകസമിതിയിലെ തിരഞ്ഞെടുക്കപ്പെട്ട ഒരംഗം അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(2) നിർവ്വാഹകസമിതിയിലേക്ക് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം നാമനിർദ്ദേശം ചെയ്യപ്പെട്ട തീയതി മുതൽ ഒരു വർഷക്കാലം ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(3) നിർവ്വാഹകസമിതിയിലേക്ക് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം നാമനിർദ്ദേശം ചെയ്ത തീയതി മുതൽ ഒരു വർഷക്കാലത്തേക്ക് ഔദ്യോഗികസ്ഥാനം വഹിക്കേണ്ടതാണ്.

(4) നിർവ്വാഹകസമിതിയുടെ കാലാവധി ജനറൽ കൗൺസിലിന്റെ കാലാവധിയോടൊപ്പം അവസാനിക്കുന്നതാണ്.

(5) എക്സ്-ഒഫിഷ്യോ അംഗങ്ങളല്ലാത്ത യാതൊരാൾക്കും നിർവ്വാഹകസമിതിയിലെ അംഗമായി രണ്ട് തവണയിൽ കൂടുതൽ തുടർച്ചയായി ഔദ്യോഗികസ്ഥാനം വഹിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(6) നിർവ്വാഹകസമിതി യോഗത്തിന്റെ ക്വാറം ഒൻപത് അംഗങ്ങളായിരിക്കുന്നതാണ്.

** ** ** **

# 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ

## (2015-ലെ 17)

** ** ** **

28. സിൻഡിക്കേറ്റ് യോഗങ്ങൾ.—(1) സിൻഡിക്കേറ്റ്, വൈസ്-ചാൻസലർ നിശ്ചയിച്ച പ്രകാരം ഇടയ്ക്കിടെ യോഗം ചേരേണ്ടതും എന്നാൽ, കുറഞ്ഞത് രണ്ട് മാസത്തിൽ ഒരിക്കലെങ്കിലും വൈസ്-ചാൻസലർ നിശ്ചയിക്കുന്ന പ്രകാരമുള്ള തീയതികളിൽ യോഗം ചേരേണ്ടതുമാണ്. സിൻഡിക്കേറ്റിന്റെ ഒരു യോഗത്തിന്റെ ക്വാറം അഞ്ച് ആയിരിക്കുന്നതാണ്.

(2) വൈസ്-ചാൻസലർ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള സ്ഥലത്തും അങ്ങനെയുള്ള തീയതിയിലും സമയത്തും സിൻഡിക്കേറ്റിന്റെ യോഗങ്ങൾ രജിസ്ട്രാർ വിളിച്ചുചേർക്കേണ്ടതാണ്.

** ** ** **

# 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (2021-ലെ 1)

** ** ** **

27. സിൻഡിക്കേറ്റിന്റെ യോഗങ്ങൾ.—(1) സിൻഡിക്കേറ്റിന്റെ യോഗം രണ്ട് മാസത്തിലൊരിക്കൽ കൂടേണ്ടതാണ്:

എന്നാൽ, വൈസ്-ചാൻസലർക്ക് ഏതുസമയത്തും സിൻഡിക്കേറ്റിന്റെ ഒരു യോഗം വിളിച്ചുകൂട്ടാൻ അധികാരമുണ്ടായിരിക്കുന്നതാണ്.

(2) സിൻഡിക്കേറ്റിന്റെ യോഗങ്ങളിൽ വൈസ്-ചാൻസലർ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്:

എന്നാൽ, വൈസ്-ചാൻസലറുടെ അഭാവത്തിൽ വൈസ്-ചാൻസലറുടെ അനുമതിയോടെ പ്രോ-വൈസ്-ചാൻസലർ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതാണ്.

(3) സിൻഡിക്കേറ്റിന്റെ യോഗം വൈസ്-ചാൻസലറുടെ നിർദ്ദേശത്തിന്മേൽ അങ്ങനെയുള്ള സ്ഥലത്തും തീയതിയിലും സമയത്തും രജിസ്ട്രാർ വിളിച്ചു ചേർക്കേണ്ടതാണ്.

(4) സിൻഡിക്കേറ്റിന്റെ യോഗത്തിന്റെ ക്വാറം ആറ് ആയിരിക്കുന്നതാണ്.

(5) സിൻഡിക്കേറ്റിന്റെ യോഗനടപടിക്രമങ്ങൾ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

** ** ** **

---